**Desabhimani**

**28 August 2018**

**Flood Relief**

## ദുരന്തചിത്രങ്ങൾ പുറത്തുവിട്ട് നാസ

**ന്യൂയോർക്ക്**

കേരളത്തിലെ പ്രളയക്കെടുതിയുടെ ഉപഗ്രഹചിത്രങ്ങൾ നാസ പുറത്തുവിട്ടു. വേമ്പനാട് കായലിന്റെ പരിസരത്തുള്ള രണ്ട് ഉപഗ്രഹചിത്രങ്ങളാണ് പുറത്തുവിട്ടത്. ഫെബ്രുവരി ആറിനും ആഗസ്ത് 22നും പകർത്തിയ ചിത്രങ്ങളിലൂടെ ദുരന്തവ്യാപ്തി പുറത്തുവിടുകയാണ് നാസ. ഫെബ്രുവരി ആറിനെടുത്ത ആദ്യത്തെ ചിത്രത്തിൽ പ്രളയത്തിനുമുമ്പുള്ള പ്രദേശമാണുള്ളത്. ഇതിൽ വേമ്പനാട് കായലും പച്ചപ്പും കാണാം. സെന്റീൻ 2 ഉപഗ്രഹം ആഗസ്ത് 22ന് എടുത്ത രണ്ടാമത്തെ ചിത്രത്തിൽ പ്രളയത്തിൽ മുങ്ങിയ പ്രദേശമാണ് കാണിക്കുന്നത്.